# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 163 25.04.2017 ൽ മറുപടിയ്ക്ക്

## പൊട്ടുകളം ബേബിയുടെ ദുരൂഹമരണത്തെക്കുറിച്ചുള്ള അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കോട്ടയം ജില്ലയിൽ മോനിപ്പള്ളി പൊട്ടുകളം വീട്ടിൽ ബേബിയുടെ ദുരൂഹ മരണത്തെക്കുറിച്ച് നടന്നുവരുന്ന അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) കോട്ടയം ജില്ലയിൽ മോനിപ്പള്ളി പൊട്ടുകളം വീട്ടിൽ ബേബിയുടെ ദുരൂഹ മരണം സംബന്ധിച്ച് കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 231/2014 എന്ന കേസ്, ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ക്രൈം നമ്പർ 200/സി.ആർ./2014 ആയി റീ നമ്പർ ചെയ്ത് 15/11/2014 മുതൽ അന്വേഷണം നടത്തി വരുന്നു. നിരവധി സാക്ഷികളെ കണ്ടുചോദിച്ചും, മൊഴികൾ രേഖപ്പെടുത്തിയും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) ബേബിയുടെ മരണം കൊലപാതകമാണെന്ന് ചൂണ്ടിക്കാട്ടി രൂപീകരിച്ച ആക്ഷൻ കൗൺസിൽ ആവശ്യപ്പെട്ടതു പ്രകാരം കേസ് അന്വേഷണത്തിന് ഏറ്റവും കാര്യക്ഷമമായി നേതൃത്വം നൽകിയ ഡി.വൈ.എസ്.പി. ശ്രീ. രാജുവിനെ ഉൾപ്പെടുത്തി അന്വേഷണ സംഘം പുന:ക്രമീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) മുമ്പ് ഈ കേസുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിരുന്ന പോലീസ് ഇൻസ്പെക്ടർ ശ്രീ. വി.കെ.രാജു നിലവിൽ തൃശ്ശൂർ സിറ്റിയിൽ പ്രവൃത്തിയെടുത്തു വരുന്നു. ശ്രീ.വി.കെ രാജുവിന് അന്വേഷണ ചുമതല നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ആക്ഷൻ കൗൺസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് 07/06/2016-ൽ സമർപ്പിച്ച നിവേദനം ക്രൈംബ്രാഞ്ച് വിഭാഗത്തിൻ ലഭിച്ചിട്ടുണ്ട്. എന്നാൽ ടി കേസ് ക്രൈംബ്രാഞ്ച് വിഭാഗം എച്ച്.എച്ച്.ഡബ്ല്യു-2, ഡി.വൈ.എസ്.പി ശ്രീ.കെ.എ.ശശിധരന്റെ നേതൃത്വത്തിലാണ് നിലവിൽ അന്വേഷണം നടത്തി വരുന്നത്. നിലവിൽ ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന-തിനാൽ ശ്രീ.രാജുവിനെ ഉൾപ്പെടുത്തി അന്വേഷണ സംഘം പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ബേബി പൊട്ടുകുളത്തിന്റെ ദുരൂഹ മരണം കൊലപാതകമാണെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ ? | (സി) | നാളിതുവരെയുള്ള അന്വേഷണത്തിൽ ബേബി പൊട്ടുകുളത്തിന്റെ ദുരൂഹമരണം കൊലപാതകമാണെന്ന് കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.